(സി) പ്രസ്തുത പ്രോഗ്രാമിൽ കേരളത്തെ ഉൾപ്പെടുത്തിയാൽ കേന്ദ്ര സർക്കാരിന്റേയും യു.എൻ.ഡി.പി.-യുടേയും ഫണ്ടിൽ നിന്നും ഓരോ ജില്ലയ്ക്കും 50,000 ഡോളർ വരെ ധനസഹായം ലഭിക്കുവാനുള്ള സാദ്ധ്യതയുണ്ട്. ഇവരുടെ സംയുക്ത സംരംഭമായ ഡി.ആർ.എം. പദ്ധതിയിൽ നഗര ഭൂകമ്പ ലഘൂകരണ പദ്ധതി, ദുരന്ത നിവാരണ പദ്ധതികൾ, പരിശീലനം, ബോധവൽക്കരണം, മറ്റു പ്രവർത്തനങ്ങൾ എന്നീ വിവിധ പരിപാടികൾ വിഭാവനം ചെയ്തിരിക്കുന്നു.

ഫ്ളാറ്റ് നിർമ്മാണവും വിൽപ്പനയും

*7 [362] ശ്രീ. തോമസ് ഉണ്ണിയാടൻ:
" ജോസഫ് എം. പുതുശ്ശേരി:
" സ്റ്റീഫൻ ജോർജ്:
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ സംരംഭകർ വാണിജ്യാടിസ്ഥാനത്തിൽ ഫ്ളാറ്റ് നിർമ്മാണവും വിൽപ്പനയും നടത്തുന്നത് സർക്കാരിന്റെ ഏതെല്ലാം നിബന്ധനകളുടെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഫ്ളാറ്റുകളുടെ ഉറപ്പ്, സുരക്ഷിതത്വം, പരിസ്ഥിതിയുടെ സന്തുലിതാവസ്ഥ മുതലായവ ഉറപ്പു വരുത്തിയിട്ടുണ്ടോ എന്ന് പരിശോധിക്കുവാൻ നിലവിൽ വ്യവസ്ഥയുണ്ടോ; വിശദമാക്കുമോ;

(സി) ഫ്ളാറ്റ് നിർമ്മാണവും വിൽപ്പനയും നിയന്ത്രിക്കുന്നതിന് നിയമ നിർമ്മാണം നടത്തുവാൻ പദ്ധതിയുണ്ടോ എന്ന് അറിയിക്കുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):

(എ) സംസ്ഥാനത്ത് ഫ്ളാറ്റുകൾ ഉൾപ്പെടെയുള്ള കെട്ടിട നിർമ്മാണങ്ങൾ 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കും നഗരവികസന പദ്ധതികൾക്കും വിധേയമായാണ് നടത്തുന്നത്.

(ബി) കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ അദ്ധ്യായം 17-ൽ 110 മുതൽ 120 വരെയുള്ള ചട്ടങ്ങൾ ഫ്ളാറ്റുകൾ ഉൾപ്പെടെയുള്ള ബഹുനില കെട്ടിടങ്ങളുടെ ഉറപ്പും സുരക്ഷാ സംവിധാനങ്ങളും നിഷ്കർഷിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഫ്ളാറ്റ് നിർമ്മാണം നിയന്ത്രിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണന യിലാണ്. ഫ്ളാറ്റുകളുടെ വിൽപ്പന രജിസ്ട്രേഷൻ ആക്ട്, ആദായ നികുതി നിയമ ങ്ങൾ എന്നിവ മുഖാന്തിരമാണ് നിയന്ത്രിക്കുന്നത്.

സഹകരണ ബാങ്കുകൾ വിദ്യാഭ്യാസ വായ്പ നൽകുന്നതിനുള്ള മാനദണ്ഡം

*8 [363] ശ്രീ. ജി. കാർത്തികേയൻ:
" വി. ജെ. പൗലോസ്:
" എം. എ. വാഹീദ്:
ശ്രീമതി മേഴ്സി രവി:
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകൾ വിദ്യാഭ്യാസ വായ്പയ്ക്ക് ഈട് വാങ്ങരുത് എന്ന നിർദ്ദേശം ഗവൺമെന്റ് നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത നിർദ്ദേശമനുസരിച്ച് സഹകരണ ബാങ്കുകൾ പ്രവർത്തിക്കു ന്നുണ്ടോ;

(സി) സംസ്ഥാന സഹകരണ ബാങ്കിന്റെ ശാഖകളൊഴിച്ച് മറ്റ് ജില്ലാ സഹകരണ ബാങ്കുകളും മറ്റു സഹകരണ ബാങ്കുകളും വിദ്യാഭ്യാസ വായ്പയ്ക്ക് ഈട് ആവശ്യപ്പെടുന്നുണ്ടോ:

(ഡി) ഈടില്ലാത്തപക്ഷം സഹകരണ ബാങ്കുകൾ വിദ്യാഭ്യാസ വായ്പ യ്ക്കുള്ള അപേക്ഷ നൽകുന്നില്ലെന്ന പരാതിയെപ്പറ്റി അന്വേഷിക്കുമോ:

(ഇ) സംസ്ഥാന സഹകരണ ബാങ്കിന്റെ ഇടുക്കി ജില്ലയിലുള്ള ശാഖകൾ ഈടുകൂടാതെ വിദ്യാഭ്യാസ വായ്പ കൊടുക്കുന്ന ഏർപ്പാട് നിർത്തിവെച്ചിരിക്കുക യാണോ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ):

(എ) നിർദ്ദേശം നൽകിയിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഉണ്ട്. എന്നാൽ ചില ജില്ലാ സഹകരണ ബാങ്കുകൾ ഈടുകൂടാതെ വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നുണ്ട്.

(ഡി) പരാതികൾ ഒന്നും ലഭിച്ചിട്ടില്ല.

(ഇ) താൽക്കാലികമായി നിർത്തിവെച്ചിട്ടുണ്ടെന്ന് ബാങ്ക് അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly